# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4034** **25.06.2018-ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സഹായ പദ്ധതി**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.അൻവർ സാദത്ത്** | | **ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന സമർത്ഥരായ വിദ്യാർത്ഥികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അവരെ സമൂഹത്തിന്റെ ഉന്നതതലത്തിലെത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; | (എ)<br>&<br>(ബി) | പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിൽ മികച്ച വിദ്യാഭ്യാസ സൗകര്യം ഒരുക്കിയും വിവിധയിനം സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിദ്യാർത്ഥികൾക്ക് നൽകിയും സമൂഹത്തിന്റെ ഉന്നതതലത്തിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു.<br>പട്ടികജാതിയിൽപെട്ട വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്.<br>1. 4-ാം ക്ലാസ്സ് വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, അവർക്ക് 5-ാം ക്ലാസ്സ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകി വരുന്നു.<br>2. അയ്യങ്കാളി ടാലൻറ് സെർച്ച് സ്കീം പ്രകാരം 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ്സ് വരെ പ്രതിവർഷം 4,500/- രൂപ വീതം സ്കോളർഷിപ്പ് അനുവദിയ്ക്കുന്നു. ഇവർക്ക് പഠനമികവ് നിലനിർത്തുന്നതിന് സ്പെഷ്യൽ ട്യൂഷൻ ഉൾപ്പെടെയുള്ള സഹായങ്ങളും നൽകി വരുന്നു.<br>3. പഠനമുറി-പട്ടികജാതി വിദ്യാർത്ഥി കൾക്ക് വീട്ടിലെ പഠന സൗകര്യം വർദ്ധിപ്പിക്കുവാൻ 'പഠനമുറി' പണിയുവാനുള്ള ധനസഹായം 2 ലക്ഷം രൂപ വീതം നൽകി വരുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് താഴെ |
| (ബി) | പഠനത്തിൽ എന്തെല്ലാം തരത്തിലുള്ള സഹായമാണ് ഇത്തരം കുട്ടികൾക്ക് നൽകുന്നത്; | | |

| | | | |
|---|---|---|---|
| | | | പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു.<br><br>1. മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി സ്കോളർഷിപ്പ് പദ്ധതി<br><br>2. ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി',<br><br>3. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്',<br><br>4. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രോത്സാഹനം<br><br>5.സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ<br><br>6. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്<br><br>വിദേശപഠനം<br>സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്. |
| (സി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികളിൽ നല്ലൊരു വിഭാഗത്തിന് പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വിദ്യാർത്ഥികളെ സഹായിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ ബി.ടെക് കോഴ്സിന് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളിൽ കണ്ടു വരുന്ന കൊഴിഞ്ഞു പോക്ക് തടയുന്നതിനും, തോറ്റ പേപ്പറുകൾ എഴുതി വിജയിക്കുന്നതിനും ആവശ്യമായ കോച്ചിംഗ് നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ഐ.എച്ച്.ആർ.ഡി-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിംഗ് സ്കൂൾ എന്ന സ്ഥാപനം മുഖേന റെമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി 2017-18 ൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കോച്ചിംഗ് ക്ലാസ്സുകൾ 2018-19 അദ്ധ്യയന വർഷവും തുടരുന്നതാണ്.<br><br>കൂടാതെ എഞ്ചിനീയറിംഗിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് Remedial Teaching നൽകി അതുവഴി പഠനഭാരം ലഘൂകരിക്കുന്നതിനായി കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പ്രത്യേക പദ്ധതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത വിഭാഗത്തിൽപെട്ട കുട്ടികൾക്ക് വിദേശപഠനത്തിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; **2017** ൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകി**?** | (ഡി) | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 2017-18-ൽ 11 വിദ്യാർത്ഥികൾക്ക് ധന സഹായം നൽകിയിട്ടുണ്ട്.<br>2016-17, 2017-18 വർഷങ്ങളിലായി പട്ടികവർഗ്ഗ വിദ്യാർത്ഥികളായ 2 പേർക്ക് വിദേശപഠന ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**